"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - 2023 ലെ വിഷു ബമ്പർ ടിക്കറ്റ് (BR-91) ഭാഗ്യക്കുറി സർക്കാർ അനുമതിയില്ലാതെ ഫ്ലൂറസന്റ് മഷിയിൽ അച്ചടിച്ച നടപടി സാധൂകരിച്ചും അച്ചടിക്കൂലി ഇനത്തിൽ കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റിക്ക് നൽകാനുള്ള തുക നല്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.274/2024/TAXES തീയതി,തിരുവനന്തപുരം, 16-03-2024

---

പരാമർശം:-
1. 21.07.2023 തീയതിയിലെ സ.ഉ(സാധാ)നം.502/2023/നി.വ നമ്പർ സർക്കാർ ഉത്തരവ്
2. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ 13.10.2023 ലെ SLTY/1134/2023-PR1 നമ്പർ കത്ത്.

**ഉത്തരവ്**

ഒന്നാം സമ്മാനം 12 കോടിയോ അതിലധികമോ ഉള്ള ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ 90 GSM പേപ്പറിൽ ഫ്ലൂറസന്റ് മഷി (3 colour fluorescent + 4 colour) ഉപയോഗിച്ച് ടിക്കറ്റൊന്നിന് 80 പൈസ നിരക്കിൽ അച്ചടിക്കുന്നതിന് പരാമർശം (1) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നല്കിയിരുന്നു.

2. ഓണം, ക്രിസ്തുമസ്-ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ ഫ്ലൂറസന്റ് മഷിയിൽ അച്ചടിച്ച് വില്പന നടത്തിയതിനാൽ വ്യാജ ടിക്കറ്റുകൾ സംബന്ധിച്ച പരാതികളൊന്നും ഉണ്ടായിട്ടില്ലെന്നും ഇത് വകുപ്പിന്റെ വിശ്വാസ്യത വർദ്ധിപ്പിച്ചിട്ടുണ്ടെന്നും ടിക്കറ്റുകൾ അച്ചടിച്ച് സമയബന്ധിതമായി വിതരണം ചെയ്യേണ്ടതുള്ളതിനാലാണ് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ വിഷു ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ ഫ്ലൂറസന്റ് മഷിയിൽ അച്ചടിക്കുന്നതിന് കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റിക്ക് അനുമതി നല്കിയതെന്നും 2023 വർഷത്തെ വിഷു ബമ്പർ ടിക്കറ്റ് (BR-91) ഭാഗ്യക്കുറിയുടെ 42 ലക്ഷം ടിക്കറ്റുകൾ കെ.ബി.പി.എസ്. മുഖേന ഫ്ലൂറസന്റ് മഷി ഉപയോഗിച്ച് അച്ചടിച്ച് വില്പന നടത്തി നറുക്കെടുപ്പ് നടത്തിയിരുന്നുവെന്നും മേൽ സർക്കാർ ഉത്തരവ് ടി ടിക്കറ്റുകളുടെ അച്ചടിക്ക് ബാധകമല്ലാത്തതിനാൽ ടി ഭാഗ്യക്കുറിയുടെ 42 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച ഇനത്തിൽ ₹39,64,800/- (33,60,000+18% ജി.എസ്.ടി) കെ.ബി.പി.എസ്-ന് നല്കുന്നതിനുള്ള അനുമതി നല്കണമെന്നും പരാമർശം (2) പ്രകാരം സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം അനുമതി നല്കിയ അതേ നിരക്കിൽ തന്നെയാണ് വിഷു ബമ്പർ ഭാഗ്യക്കുറി ടിക്കറ്റുകൾ അച്ചടിച്ചതെന്ന വസ്തുത പരിഗണിച്ച് സർക്കാർ അനുമതിയില്ലാതെ 2023 ലെ വിഷു

ബമ്പർ ഭാഗ്യക്കുറിയുടെ (BR-91) 42 ലക്ഷം ടിക്കറ്റുകൾ അച്ചടിച്ച സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറുടെ നടപടി സാധൂകരിച്ചും അച്ചടിക്കൂലി ഇനത്തിൽ കേരള ബുക്സ് & പബ്ലിഷിംഗ് സൊസൈറ്റിക്ക് നൽകാനുള്ള ₹39,64,800/- (മുപ്പത്തിയൊൻപത് ലക്ഷത്തി അറുപത്തി നാലായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിക്കുന്നതിന് സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ) കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ് (13.02.2023 ലെ 2595485/EXP-B1/541/2023-FIN പ്രകാരം)
5. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/272/2023-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu G
Date: 16-03-2024 12:27:58
സെക്ഷൻ ഓഫീസർ